**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

01.02.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2071

## ആർദ്രം പദ്ധതി - പി.എച്ച് .സി യെ സി.എച്ച് .സി ആയി അപ്ഗ്രേഡ് ചെയ്യാൻ നടപടി

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2018 ൽ ഏതെങ്കിലും പി.എച്ച് .സി യെ സി.എച്ച് .സി ആയി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലയിൽ പി.എച്ച് .സി യിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സി.എച്ച് .സി ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ)<br>&<br>(ബി) | നിലവിൽ സർക്കാർ ആശുപത്രികളുടെ പദവി ഉയർത്തുക എന്നതല്ല നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിച്ച് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടേണ്ട ആശുപത്രികളുടെ കരട് പട്ടികയിൽ കൊല്ലയിൽ പി.എച്ച് .സി ഉൾപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതോടൊപ്പം ആദിവാസി മേഖലയിൽ നിന്നുമുൾപ്പെടെ നിരവധി ആൾക്കാർ ചികിത്സതേടിയെത്തുന്ന മലയോരമേഖലയിലെ ആശുപത്രിയായ വെള്ളറട സി.എച്ച് .സി ലെ സ്റ്റാഫ് പാറ്റേൺ അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ